# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 3587 15.07.2015 - ൽ മറുപടിക്ക്

## തവനൂർ മണ്ഡലത്തിലേക്ക് കുടിവെള്ള പദ്ധതി

| ചോദ്യം<br>ഡോ.കെ.ടി.ജലീൽ | | മറുപടി<br>പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | 2013-14 സാമ്പത്തിക വർഷത്തിൽ വരൾച്ചാ ദുരിതാശ്വാസ നിധിയിൽ നിന്നും തവനൂർ മണ്ഡലത്തിലേക്കുള്ള കുടിവെള്ള പദ്ധതികൾക്കു വേണ്ടി തുക അനുവദിച്ചിരുന്നോ; | (എ) | അനുവദിച്ചിരുന്നു. |
| (ബി) | ഉണ്ടെങ്കിൽ ഏതെല്ലാം പദ്ധതികൾക്ക് എത്ര തുക വീതമായിരുന്നു അനുവദിച്ചിരുന്നത് എന്ന് വ്യക്തമാക്കാമോ; | (ബി), (സി), & (ഡി) | 2013-14 സാമ്പത്തിക വർഷത്തിൽ ജില്ലാ കളക്ടറുടെ വരൾച്ചാ ദുരിതാശ്വാസ നിധിയിൽ നിന്നും കേരള വാട്ടർ അതോറിറ്റിക്ക് എട്ട് പ്രവൃത്തികൾക്കായി 82.58 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. കൂടാതെ കേരള വാട്ടർ അതോറിറ്റിയുടെ വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി അനുവദിച്ച 57 കോടി രൂപയിൽ നിന്നും ഒമ്പത് പ്രവൃത്തികൾക്കായി 106 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. കൂടാതെ ഭൂജലവകുപ്പിന് കാലടി പഞ്ചായത്തിലെ മമ്മിളിയം കുന്നിൽ ഹാൻഡ് പമ്പ് പദ്ധതിയ്ക്കായി 76,802 രൂപ അനുവദിച്ചു. |
| (സി) | പ്രസ്തുത പദ്ധതികളിൽ ഏതെല്ലാം പ്രവർത്തികളാണ് പൂർത്തിയായതെന്നും ഇനി ഏതെല്ലാം പദ്ധതികളാണ് പൂർത്തിയാക്കാനുള്ളതെന്നും വ്യക്തമാക്കാമോ; | | |
| (ഡി) | പ്രസ്തുത പദ്ധതികളിൽ പൂർത്തിയാക്കാനുള്ള പദ്ധതികൾ എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്